പ്രകൃതിക്ഷോഭംമൂലം തൊഴിൽ രഹിതരായവർക്ക് സൗജന്യ റേഷൻ

1251. [1707] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. ഇ. ഇസ്മയിൽ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. എം. കെ. കേശവൻ :
,, കാനം രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ). പ്രകൃതിക്ഷോഭം മൂലം തൊഴിൽ രഹിതരായി പട്ടിണി അനുഭവിക്കുന്ന ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്ര തൊഴിലാളികൾക്ക് ഇതുവരെയായി സൗജന്യ റേഷൻ അനുവദിച്ചു ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രൂക്ഷമായ പ്രകൃതി ക്ഷോഭമുണ്ടായ പ്രദേശങ്ങളിലെ എല്ലാവർക്കും സൗജന്യറേഷൻ വിതരണം ചെയ്യാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്;

(ബി) ചോദ്യം ഉദിക്കുന്നില്ല.

തടവിലംപാറ വില്ലേജിൽ പ്രകൃതിക്ഷോഭം മൂലം തൊഴിൽ രഹിതരായവർക്ക് സൗജന്യ റേഷൻ

1252. [1708] ശ്രീ. കെ. ടി. കുണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984 ഒക്ടോബറിൽ തടവിലംപാറ വില്ലേജിൽ ഉരുൾപൊട്ടലിനാൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും കൃഷിനാശനഷ്ടത്തിനിരയായവർക്കും യാതൊരു ദുരിതാശ്വാസവും നൽകിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതേക്കുറിച്ച് റിപ്പോർട്ട് തരുന്നതിന് കോഴിക്കോട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly